# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 5757

## 2019 നവംബർ 19 ന് മറുപടി നൽകേണ്ടത്

## പ്രളയാനന്തര പ്രോജക്ടുകൾക്ക് വകയിരുത്തിയ തുക

| ക്രമ നം | ചോദ്യം<br>ശ്രീ.ടി.ജെ.വിനോദ് | മറുപടി<br>ഡോ.റ്റി. എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾക്കായി എത്ര തുകയാണ് ഈ സാമ്പത്തിക വർഷം വകയിരുത്തിയിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ; | കേരള പുനർനിർമ്മാണ പദ്ധതിയുടെ കീഴിലുള്ള പ്രളയാനന്തര പ്രോജക്ടുകൾക്കായി ഈ സാമ്പത്തിക വർഷം 1000 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ 250 കോടി രൂപ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ റോഡുകൾ(ആർ.കെ.ഐ), 250 കോടി രൂപ ഉപജീവന മാർഗ്ഗത്തിനുള്ള സഹായം (ആർ.കെ.ഐ), 250 കോടി രൂപ പൊതു മരാമത്ത് വകുപ്പിന്റെ റോഡുകളും പാലങ്ങളും (ആർ.കെ.ഐ), 250 കോടി രൂപ പൊതു കെട്ടിടങ്ങൾ പ്രധാന അറ്റകുറ്റപ്പണികളും പുനരുദ്ധാരണവും എന്നീ വിഭാഗങ്ങളിലായിട്ട് വകയിരുത്തിയിട്ടുണ്ട്. കേരള പുനർ നിർമ്മാണ പദ്ധതിയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ ഇപ്പോൾ പ്രാരംഭ ഘട്ടത്തിലാണ്. പദ്ധതികളുടെ ഭരണപരമായ നടത്തിപ്പിനായി 70 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | ഏതൊക്കെ വിഭാഗങ്ങളിലായിട്ടാണ് ഈ തുക വകയിരുത്തിയിരിക്കുന്നതെന്നും ഓരോ വിഭാഗത്തിലുമായി എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കാമോ? | |

അക്കൗണ്ട്സ് ഓഫീസർ